


കത്തുകൾ

# ജമാഅത്ത്- മുജാഹിദ് സഹകരണത്തിന്റെ കാലിക പ്രസക്തി

**കേരള** നദ്‌വത്തുൽ മുജാഹിദീനും ജമാഅത്തെ ഇസ്‌ലാമിയും തമ്മിൽ 1975–കൾക്ക് മുമ്പുണ്ടായിരുന്ന ഊഷ്മളമായ ബന്ധം തുടരേണ്ടത് നമ്മുടെ സമൂഹവും സമുദായവും നേരിടുന്ന പൊതു പ്രശ്നങ്ങളുടെ പരിഹാരത്തിന് അനിവാര്യമാണ്. ഫറൂഖ് റൗദത്തുൽ ഉലൂം വിദ്യാർഥിയായിരിക്കെ ജമാഅത്ത് പ്രവർത്തകനായ ശൈഖ് മുഹമ്മദ് കാരകുന്ന് തന്റെ അധ്യാപകനായ അബുസ്വലാഹ് മൗലവിയെ പ്രതിനിധീകരിച്ച് ബേപ്പൂരിലെ മുജാഹിദ് പള്ളിയിലും അബ്ദുൽ കരീം തങ്ങളെ പ്രതിനിധീകരിച്ച് നല്ലളം മുജാഹിദ് മസ്ജിദിലും ഖുത്വ്ബ നിർവഹിച്ചിരുന്നു. ഇത് ജമാഅത്ത്–മുജാഹിദ് സഹകരണത്തിന്റെ ഉദാഹരണങ്ങളിൽ ഒന്നു മാത്രം. മുജാഹിദ് പ്രസ്ഥാനം ആരാധനാ–അനുഷ്ഠാന കർമങ്ങളിൽ കണിശ നിലപാടുകളും പ്രചാരണങ്ങളും തുടരുന്നതോടൊപ്പം സാമൂഹിക പ്രശ്നങ്ങളിൽ ശക്തമായി ഇടപെടേണ്ടതുണ്ട്. മനുഷ്യാവകാശ സംരക്ഷണത്തിന് വേണ്ടിയും നീതി നിഷേധത്തിനെതിരിലും പോരാടേണ്ടതും അനിവാര്യമാണ്. നീതിക്ക് വേണ്ടി നിലകൊള്ളേണ്ടത് സത്യവിശ്വാസികളുടെ ബാധ്യതയാണെന്ന് വിശുദ്ധ ഖുർആൻ പലയിടത്തും പറഞ്ഞിട്ടുണ്ട്. നമ്മുടെ രാജ്യത്ത് നീതിനിഷേധിക്കപ്പെട്ട ആയിരക്കണക്കിന് ആളുകളുണ്ട്. എൻഡോസൾഫാൻ പോലുള്ള വിഷവസ്തുക്കളുടെ ദുരന്തങ്ങൾ ഏറ്റുവാങ്ങിയ ധാരാളം മനുഷ്യരുമുണ്ട്. അവർക്കെല്ലാം വേണ്ടി പ്രവർത്തിക്കേണ്ടതുണ്ട്.

ജമാഅത്തെ ഇസ്‌ലാമി സാമൂഹിക പ്രശ്നങ്ങളിൽ ശക്തമായി ഇടപെടുന്നതോടൊപ്പം ആരാധനാ– അനുഷ്ഠാന കർമങ്ങളിൽ കൃത്യവും വ്യക്തവുമായ നിലപാടുകളും പ്രചാരണങ്ങളും നടത്തേണ്ടതും സമഗ്ര ഇസ്‌ലാമിന്റെ പൂർത്തീകരണത്തിന് അനിവാര്യമാണ്. വിശുദ്ധ ഖുർആനും തിരുസുന്നത്തും പൂർണാർഥത്തിൽ പിന്തുടരലാണല്ലോ സമഗ്ര ഇസ്‌ലാം.

ജമാഅത്ത്–മുജാഹിദ് പ്രവർത്തകരും പള്ളി ഭാരവാഹികളും സംയുക്തമായി ഓരോ പ്രദേശത്തും കമ്മിറ്റികൾ രൂപവത്കരിക്കണം. പൊതു വായനശാലകളും ലൈബ്രറികളും സ്ഥാപിക്കുകയും ഇരു വിഭാഗങ്ങളുടെയും പത്ര പ്രസിദ്ധീകരണങ്ങളും പുസ്തകങ്ങളും മറ്റും അവിടെ ലഭ്യമാക്കുകയും വേണം. എല്ലാവർക്കും എല്ലാം വായിക്കാനും കാര്യങ്ങൾ മനസ്സിലാക്കാനും സാധിക്കണം. അപ്പോൾ പരസ്പരം അറിയാനും അടുക്കാനും സാധിക്കും. അറിവില്ലായ്മയിൽ നിന്നും തെറ്റിദ്ധാരണകളിൽനിന്നുമാണ് അകൽച്ചയും വെറുപ്പും ഉണ്ടാവുന്നത്. മദ്യം, മയക്കുമരുന്ന്, സ്ത്രീധനം തുടങ്ങിയ വിപത്തുകൾക്കെതിരെ മുജാഹിദ്–ജമാഅത്ത് സംയുക്ത കമ്മിറ്റികൾക്ക് ധാരാളം കാര്യങ്ങൾ ചെയ്യാൻ സാധിക്കുമെന്നാണ് എന്റെ വിശ്വാസം. ഇത്തരം തിന്മകളെ ഇരു വിഭാഗവും എതിർക്കുന്നുണ്ട്. എങ്കിൽ പിന്നെ ഈ തിന്മകൾക്കെതിരെ രണ്ട് വിഭാഗങ്ങൾക്കും യോജിച്ച് പ്രവർത്തിച്ചുകൂടേ?

**സി.കെ മുജീബുർറഹ്മാൻ**
**വാഴക്കാട്**

# പ്രശംസകരുടെ ഉള്ളിലിരിപ്പ്

**'മുസ്‌ലിം** ലീഗിന്റേത് മതേതരത്വത്തിന്റെ വിജയമോ' എന്ന കെ.ടി ഹുസൈന്റെ ലേഖനത്തിന് (നവംബർ 13) മറുപടിയായി നവംബർ 24–ന് *ചന്ദ്രിക*യിൽ കെ.എൻ.എ ഖാദർ എഴുതിയ 'പ്രബോധനത്തിലെ പ്രരോദനം' എന്ന ലേഖനമാണ് ഈ കുറിപ്പിന് പ്രേരകം.

ലീഗിന്റെ വിജയം മതേതരത്വത്തിന്റെ വിജയമാണ് എന്ന അതിന്റെ നേതാക്കളുടെ അവകാശം സമ്മതിച്ചാൽ തന്നെയും ഇന്ന് ലീഗ് ഉയർത്തിക്കാട്ടുന്ന ഈ മതേതരത്വം എന്താണ് എന്ന് ലീഗും ഒപ്പം ഈ സമുദായവും തിരിച്ചറിയാൻ പോവുന്നതേയുള്ളൂ. അടുത്ത കാലത്തായി സവർണ മാധ്യമങ്ങൾ ലീഗിനെ അങ്ങേയറ്റം പുകഴ്ത്തുന്നത് അവരുടെ ന്യൂനപക്ഷ സംരക്ഷണത്തിന്റെ പേരിലല്ല എന്ന് വ്യക്തമാണ്. തീവ്രവാദ –ഭീകരവാദ ഇല്ലാകഥകൾ മുസ്‌ലിം സമുദായത്തിന്റെ മേൽ ചാർത്തി അവരെ ഷണ്ഡീകരിക്കാനും അവരുടെ ആത്മവീര്യം ചോർത്തി ഒന്നുമല്ലാതാക്കാനുമുള്ള ഒരു പുതിയ ശ്രമത്തിന്റെ പേരായിരിക്കുന്നു മതേതരത്വം! തീവ്രവാദത്തിന് എതിരായി ആരാണ് ഏറ്റവും ഉച്ചത്തിൽ ശബ്ദിക്കുന്നത്, അവരാണ് ഏറ്റവും വലിയ മതേതരവാദികൾ എന്ന ഒരു പതനത്തിലേക്ക് കാര്യങ്ങൾ എത്തിപ്പെട്ടിരിക്കുന്നു. രാജ്യത്ത് നടന്ന പല സ്ഫോടനങ്ങളുടെയും യഥാർഥ ചിത്രങ്ങൾ പുറത്ത് വന്നുകൊണ്ടിരിക്കുന്നേയുള്ളൂ. ഈ സ്ഫോടനങ്ങൾ നടന്ന സമയത്ത് ഒരു പ്രത്യേക സമുദായത്തെ കേന്ദ്രീകരിച്ച് മാധ്യമങ്ങൾ നിരന്തരം ചർച്ചകൾ നടത്തിയിരുന്നു. ഇന്ന് യഥാർഥ പ്രതികളുടെ മതത്തെക്കുറിച്ചോ മറ്റോ ചർച്ചകൾ എങ്ങും നടക്കുന്നുമില്ല. അതേസമയം ഇതൊന്നും ഗൗനിക്കാതെ ലീഗിന്റെ വേദികളിൽ നിന്നും പേജിൽ നിന്നും ഉയർന്നു കേൾക്കുന്നത് 'മുസ്‌ലിംകളേ, നിങ്ങൾ തീവ്രവാദത്തിലേക്കും ഭീകരവാദത്തിലേക്കും പോകരുത്' എന്നു മാത്രമാണ്.

സവർണ മാധ്യമങ്ങൾ എന്താണോ ഇഛിക്കുന്നത് അതു തന്നെ ലീഗിലൂടെ പുറത്ത് വരുന്നു. ലീഗിന്റെ ഇത്തരം പ്രസ്താവനകൾക്ക് വൻ പ്രാധാന്യമാണ് ഇത്തരം മാധ്യമങ്ങൾ നൽകുന്നത് എന്നും ശ്രദ്ധിച്ചാൽ ബോധ്യമാവും. അങ്ങനെ പുതിയതരം മതേതരവാദികളായി ലീഗിലെ ഒരു വിഭാഗം മാറിക്കഴിഞ്ഞു.

*പ്രബോധനം* ലേഖകൻ സൂചിപ്പിച്ചതുപോലെ ജമാഅത്തിന്റെ രാഷ്ട്രീയ ഭൂമിക ലീഗിന്റേതിൽനിന്ന് തികച്ചും ഭിന്നമാണ്. ലീഗുമായി എതിരിടുക എന്നതല്ല ജമാഅത്തിന്റെ നയം. രണ്ടും രണ്ട് വഴിക്കാണ് സഞ്ചാരം എന്ന് ലീഗ് നേതാക്കൾ എത്രയും നേരത്തെ മനസ്സിലാക്കുന്നുവോ അത്രയും ലീഗിനും സമൂഹത്തിനും നന്ന്.

**കെ. കമാൽ മുന്നിയൂർ ജിദ്ദ**

# മദ്റസകളിൽ അമേരിക്കൻ അധ്യാപകരോ?

**മദ്റസകളിൽ** ഇംഗ്ലീഷ് പഠിപ്പിക്കാൻ അമേരിക്കയിലെ അധ്യാപകരെ നിയോഗിക്കുന്നതായി വാർത്ത വായിച്ചു (*മാധ്യമം* 6-12-2010).

മദ്റസകൾ അടച്ചുപൂട്ടണമെന്നും അവ കുട്ടികൾക്ക് തീവ്രവാദികളായി മാറാനുള്ള പരിശീലനമാണ് നൽകുന്നതെന്നും പ്രസംഗിച്ച് നടന്നവർക്ക് ഇപ്പോൾ മദ്റസാ കുട്ടികളോട് ഇത്ര പെട്ടെന്ന് സ്നേഹം തോന്നാൻ മാത്രം എന്തു സംഭവിച്ചു എന്നാലോചിക്കുകയാണ്.

കുറച്ച് മുമ്പ് ഒരു മദ്റസയിലെ 85 കുട്ടികളെ ബോംബിട്ട് കൊന്നത് ആരും മറന്നിട്ടില്ല. ലോകം ഒന്നാകെ ഈ അരുംകൊലയെ ഞെട്ടലോടെയാണ് ശ്രവിച്ചത്. കാരണം പറഞ്ഞത് ഈ കുട്ടികൾ ഭാവിയിൽ തീവ്രവാദികളായി മാറുമെന്നാണ്. മദ്റസയിൽ കുട്ടികളെ ഏക ദൈവവിശ്വാസം, സാഹോദര്യം, വിശുദ്ധ ഖുർആൻ മനഃപാഠമാക്കൽ, നബിചര്യകൾ, നന്മ കൊണ്ട് തിന്മയെ അകറ്റൽ, പരോപകാരം തുടങ്ങിയ കാര്യങ്ങളാണ് പഠിപ്പിക്കുന്നത്.

നമ്മുടെ രാജ്യത്ത് മദ്റസയിൽ പഠിക്കുന്ന ഒരു വിദ്യാർഥിയും ഇതര മതക്കാരുടെ ചിഹ്നങ്ങളെ തകർക്കാനോ അവരെ തെരഞ്ഞുപിടിച്ച് കശാപ്പ് ചെയ്യാനോ മുതിരുകയില്ല. അവരൊക്കെ ദൈവഭക്തിയും കാരുണ്യവുമുള്ളവരാണ്. കൂടാതെ ഇവിടെ ധാരാളം അധ്യാപകർ ഇംഗ്ലീഷ് പഠിപ്പിക്കാൻ തയാറായി നിൽക്കുമ്പോൾ അമേരിക്കൻ അധ്യാപകരുടെ അധ്യാപനം തന്നെ വേണമെന്നുണ്ടോ?

ഇറാഖിലെ നിരപരാധികളായ ജനങ്ങളെ കൂട്ടത്തോടെ ചുട്ടുകരിക്കുകയും ആ നാടിനെ ചുടലക്കളമാക്കി മാറ്റുകയും അവിടത്തെ ഭരണാധികാരികളെ ക്രൂരമായി കൊന്നൊടുക്കുകയും ചെയ്യുന്നു. എന്ത് കുറ്റം ചെയ്തിട്ടാണ് അഫ്ഗാനിസ്താനിലെ ജനതയെ കൊന്നൊടുക്കിക്കൊണ്ടിരിക്കുന്നത്. അടുത്ത ഉന്നം ഇറാനും സിറിയയുമാണ്. മുസ്‌ലിംകളെ ഇങ്ങനെ വേട്ടയാടിക്കൊണ്ടിരിക്കുന്ന അമേരിക്ക മുസ്‌ലിം കുട്ടികളുടെ മദ്റസാ വിദ്യാഭ്യാസത്തിൽ, അതും ബാലപാഠത്തിൽ ഇത്രയും താൽപര്യമെടുത്ത് നിൽക്കുന്നത് മനസ്സിലാക്കാൻ സാധിക്കുന്നില്ല.

**ഖാൻ വെള്ളായണി മണക്കാട്**
**തിരുവനന്തപുരം**

# ആ ഹെലികോപ്റ്ററുകൾ അന്നുതന്നെ തകർന്നു വീഴണമായിരുന്നു

**മുറ്റത്ത്** കൂട്ടുകാരൊത്ത് ഇട്ടിയും കോലും ഗോട്ടിയും കയർ വണ്ടിയും കളിച്ചു നടന്നിരുന്ന ബാല്യകാലം. കളിയുടെ അരങ്ങിൽ മതിമറന്ന് വെയിലും ചൂടും അവഗണിച്ച് രക്ഷിതാക്കളുടെ ശകാരങ്ങൾ മാനിക്കാതെ ആർത്തുല്ലസിച്ചിരുന്ന ഞങ്ങൾ കൂട്ടുകാർ ഒരുവേള നിശ്ചലമാകുന്ന സന്ദർഭമുണ്ടായിരുന്നു. തലക്കുമുകളിലൂടെ ആർത്തിരമ്പി വരുന്ന ഹെലികോപ്റ്ററുകളുടെ നീളം കൂടിയ ഫാൻ ആയിരുന്നു അതിന്റെ ഏറ്റവും വലിയ കൗതുകം. മുതിർന്നവരോട് ചോദിച്ചാൽ അവർ പറഞ്ഞുതന്നത് അത് മരുന്നടിക്കാൻ പോകുന്ന ഹെലികോപ്റ്ററുകളാണെന്നാണ്. ദൂരെ നിന്ന് മാത്രം കാണുന്ന, എന്നാൽ ഒരിക്കലും ജീവിതത്തിൽ അടുത്ത് നിന്ന് കാണാൻ കഴിയാതിരുന്ന ഹെലികോപ്റ്ററുകളെ അടുത്ത് കാണാൻ അന്ന് രക്ഷിതാക്കളോട് പറയുമായിരുന്നു, അത് ഇവിടെ തകർന്ന് വീണിരുന്നെങ്കിൽ എന്ത് രസമായിരിക്കുമെന്ന്. അന്ന് രക്ഷിതാക്കൾ ഞങ്ങളെ നന്നായി വഴക്ക് പറയുമായിരുന്നു. അങ്ങനെ ഒരപകടമുണ്ടായാൽ സംഭവിക്കുന്ന ദുരന്തത്തെക്കുറിച്ചാണ് അവർ ചിന്തിച്ചിരുന്നത്. പക്ഷേ, ഞങ്ങൾ കുട്ടികൾക്ക് ഹെലികോപ്റ്ററിനെ അടുത്ത് കാണുക എന്നതായിരുന്നു ആവേശം.

വർഷങ്ങൾ പിന്നിട്ട് ഇന്ന് എൻഡോസൾഫാനെക്കുറിച്ചും അതിന്റെ ഇരകളെ കുറിച്ചും മനസ്സിലാക്കാനായി. ഒരു പ്രദേശത്തെ തലമുറകളെ തന്നെ മഹാരോഗത്തിനടിപ്പെടുത്തി കുത്തകകൾ വിതറിയ എൻഡോസൾഫാൻ എന്ന വിഷമഴയാണ് അന്ന് ഹെലികോപ്റ്ററുകൾ നടത്തിയതെന്ന് അറിയുമ്പോൾ മനസ്സിൽ പ്രയാസത്തോടെയാണെങ്കിലും ആഗ്രഹിച്ച് പോകുന്നു, ആ ഹെലികോപ്റ്ററുകൾ അന്നുതന്നെ തകർന്നു വീണിരുന്നെങ്കിൽ!

**ഫുഹൈം ഫാറൂഖ് കുഞ്ഞിമംഗലം**

# ജി.ഐ.ഒ മാതൃകയാവട്ടെ

**കേരളത്തിന്** പുറത്ത് താമസിക്കുന്ന എനിക്ക് *പ്രബോധനം* വാരിക അയച്ചുതന്നതിന് നന്ദി. രണ്ട് ദശാബ്ദകാലത്തോളം മലയാള ഭാഷയോട് ബന്ധമില്ലാതിരുന്നതുകൊണ്ട്, ശബ്ദതാരാവലി അടുത്തില്ലാതെ *പ്രബോധനം* വായിക്കാനാവുന്നില്ല എന്ന് അൽപം ലജ്ജയോടു കൂടി തന്നെ അറിയിക്കട്ടെ!

കേരളത്തിൽ ജി.ഐ.ഒയുടെ ഊർജസ്വലമായ പ്രവർത്തനശൈലിയെ തീർത്തും സ്വാഗതം ചെയ്യേണ്ടിയിരിക്കുന്നു. മറ്റു സമുദായങ്ങളിലെപ്പോലെ, മുസ്‌ലിം പെൺകുട്ടികൾ പൊതു പ്രവർത്തനങ്ങളിലേർപ്പെടുന്നത് തികഞ്ഞ അച്ചടക്കത്തോടു കൂടിയാണെങ്കിൽ, അവരുടെ സദാചാര മൂല്യം നഷ്ടപ്പെടുമെന്ന് കരുതാനാവില്ല. മുസ്‌ലിം പെൺകുട്ടികളുടെ സർഗാത്മക കഴിവുകളെ കല, സാഹിത്യം ശാസ്ത്രം എന്നീ മേഖലകളിലേക്ക് തിരിച്ചുവിടുകയാണ് വേണ്ടത്. സമൂഹത്തിന് പ്രയോജനകരമാവുംവിധം അവരുടെ യൗവനകാല അമിത ഊർജം തിരിച്ചുവിടാൻ ജി.ഐ.ഒക്ക് കഴിയട്ടെ.

ജി.ഐ.ഒയുടെ പ്രവർത്തനശൈലി ഇന്ത്യക്ക് അകത്തും പുറത്തുമുള്ള മറ്റു മുസ്‌ലിം സ്ത്രീകൾക്ക് മാതൃകയായിത്തീരട്ടെ എന്ന് ആശംസിക്കുന്നു.

**ഡോ. ബി.വി ബേബി ഹൽകൽ**
**ഉഡുപ്പി, കർണാടക**

# 'നീ' അപരിഷ്കൃതമോ?

**'നീ'യെന്ന** അഭിസംബോധന അപരിഷ്കൃതമാണെന്ന് ഒരു കുറിപ്പുകാരി എഴുതിക്കണ്ടു. സ്രഷ്ടാവും സൃഷ്ടിയും പരസ്പരം നീയെന്ന് അഭിസംബോധന ചെയ്യുന്നതിനേക്കാൾ മഹനീയമായ പദം ഏതാണ്. നീ, നിനക്ക്, നിന്നോട് എന്നിത്യാദി പ്രയോഗങ്ങളിലുള്ള മധുര സംസാരത്തിനു പകരം ഏതു പദപ്രയോഗമാണ് പകരം വെക്കാനുള്ളത്? 'നിങ്ങൾ' ബഹുത്വം കൂടി ഉൾക്കൊള്ളുന്നു. 'താങ്കൾ' അന്യതയും ബഹുമാന സൂചകവും ഉൾക്കൊള്ളുന്നു.

കൃത്യമായ പദപ്രയോഗങ്ങളാണ് സാംസ്കാരിക ഔന്നത്യം, അതല്ലാത്തത് അനുചിതമാണ്. അറബിഭാഷയിൽ 'അൻത' എന്നും ഇംഗ്ലീഷിൽ 'യു' എന്നും ഉപയോഗിക്കുന്ന ശൈലിയല്ല മലയാളത്തിന്റേത്. നീ, നിങ്ങൾ, താങ്കൾ, തു, തും, ആപ് എന്നീ പ്രയോഗങ്ങൾ ആഢ്യഭാവം ഉൾക്കൊള്ളുന്നത് കൊണ്ടും ആഢ്യസ്വഭാവം ഉള്ളതുകൊണ്ടുമാണ് പ്രശ്നമായി തോന്നുന്നത്. ആയതിനാൽ 'നീ' പരിഷ്കൃത സമൂഹത്തിന് യോജിച്ചതല്ല എന്ന വാദം ബാലിശമാണ്. 'നീ' എന്നതിന്റെ രൂപഭേദങ്ങളാണ് നിയ്യ്, ഇയ്യ്, ഇജ്ജ്. സംസാര ശൈലിയിൽനിന്നും ഇത് മാറ്റാനാകുമോ?

**ബി.വി.എം ഹുസൈൻ തങ്ങൾ**
**പുതിയങ്ങാടി, തൃശൂർ**